മലയാള മനോരമ

# കെയ്റോയിൽ നയതന്ത്രം, നാട്ടിൽ ബലതന്ത്രം

ജോമിച്ചൻ ജോസ്

Story Dated: Tuesday, April 5, 2011 18:32 hrs IST



ഏറനാട് യുഡിഎഫ് സ്ഥാനാർഥി പി.കെ. ബഷീറിന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ കേന്ദ്രമന്ത്രി ഇ. അഹമ്മദ്.

കഴിഞ്ഞയാഴ്ച പ്രധാനമന്ത്രി മൻമോഹൻസിങ് വിദേശകാര്യ സഹമന്ത്രി ഇ. അഹമ്മദിനെ ഈജിപ്തിലേക്കയച്ചു. ദൗത്യം: ജനാധിപത്യ സർക്കാർ രൂപീകരിക്കുന്നതിൽ ഈജിപ്തിന് ഇന്ത്യയുടെ സഹായം ഉറപ്പുവരുത്തുക. കെയ്റോയിൽനിന്നു നേരെ കോഴിക്കോട്ടു വിമാനമിറങ്ങിയ ഇ. അഹമ്മദിനെ മുസ്ലിംലീഗ് അധ്യക്ഷൻ പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ മലപ്പുറത്തെ മണ്ഡലങ്ങളിലേക്കയച്ചു. ദൗത്യം: യുഡിഎഫിനെ അധികാരത്തിലെത്തിക്കുക.

ഇ. അഹമ്മദിനെപ്പോലെ ഈയൊരു അഹമ്മദേയുള്ളൂ. കെയ്റോയിലായാലും കീഴുപറമ്പിലായാലും സ്വീകാര്യത. വയസ് 73 ആയെങ്കിലും മുസ്ലിംലീഗിലെ യൂത്ത് ലീഗുകാരനാണ്  ഈ അഹമ്മദ്.

ഇന്നലെ രാവിലെ കൊണ്ടോട്ടി മണ്ഡലത്തിലെ എടവണ്ണപ്പാറയിൽ എത്തുമ്പോൾ അഹമ്മദ് സാഹിബിനെ കാത്തു നൂറുകണക്കിനു പ്രവർത്തകർ നിൽക്കുന്നുണ്ടായിരുന്നു. തലേക്കെട്ടുകെട്ടിയ മുതിർന്നവർ മുതൽ ബാഴ്സലോനയുടെയും ആഴ്സലനിന്റെയും ജഴ്സിയിട്ട ചെറുപയ്യൻമാരെ വരെ . 10.45 ആയപ്പോൾ വെള്ള കാറിൽ, വെള്ള കോട്ടൺ ഷർട്ടും മുണ്ടുമുടുത്ത് നേതാവെത്തി. മുദ്രാവാക്യം വിളികൾക്കിടയിലൂടെ മുസ്ലിം ലീഗ് അഖിലേന്ത്യാ പ്രസിഡന്റ് വേദിയിലേക്ക്.

പ്രസംഗിക്കാൻ മൈക്കിനു മുൻപിലെത്തിയതും തൊട്ടടുത്തുനിന്ന സ്ഥാനാർഥി കെ. മുഹമ്മദുണ്ണി ഹാജിയുടെ കൈ പിടിച്ചുയർത്തി പറഞ്ഞു: നിങ്ങടെ പ്രിയങ്കരനായ മമ്മുണ്ണി ഹാജിയെ കോണി ചിഹ്നത്തിൽ വിജയിപ്പിക്കുക. പതിഞ്ഞ താളത്തിൽ തുടങ്ങി, നീട്ടിയും കുറുക്കിയും പ്രസംഗം പുരോഗമിച്ചു. ‘കഴിഞ്ഞ ബജറ്റിൽ 44,000 കോടി രൂപയുടെ ക്ഷേമപദ്ധതികളാണു ധനമന്ത്രി അവതരിപ്പിച്ചത്. ഇതുവരെ യാഥാർഥ്യമായിട്ടില്ലാത്ത ഇസ്ലാമിക് ബാങ്കിൽനിന്നു പണം കടമെടുക്കാമെന്നാണ് ഐസക് പറയുന്നത്? ഇത്തരം അബദ്ധ പ്രസ്താവനകളിലൂടെ ജനത്തെ മണ്ടൻമാരാക്കുന്ന ധനമന്ത്രിയും സർക്കാരും ഇന്ത്യയിൽ മറ്റൊരിടത്തും ഉണ്ടാവില്ല.

നയതന്ത്രത്തിൽ വിദഗ്ധനായതുകൊണ്ടാവണം കൃത്യമായ കണക്കുകൾ നിരത്തിയാണു കേന്ദ്രമന്ത്രിയുടെ പ്രസംഗം. അടുത്ത സ്ഥലത്തേക്കുള്ള യാത്രയ്ക്കിടെ കേന്ദ്ര ന്യൂനപക്ഷ വകുപ്പ് സെക്രട്ടറി മൽഹോത്രയെ വിളിച്ചു ചില കണക്കുകൾ ശരിയാണെന്ന് ഉറപ്പുവരുത്തി. ന്യൂനപക്ഷ സ്കോളർഷിപ്പുകൾ അനുവദിക്കുന്നതിൽ കേരള സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച പറയാനാണ് കണക്കുകൾ.

ചാലിയാറിനു കുറുകെയുള്ള എടശേരിക്കടവ് പാലം കടന്നു കീഴുപറമ്പിലെ യോഗവേദിയിലേക്ക്. ഇടയ്ക്കു കുനിയിൽ അൻവാറുൽ ഇസ്ലാം അറബിക് കോളജിൽ അൽപസമയം. കോളജ് ലൈബ്രറിയിൽ പ്രിൻസിപ്പൽ എം. ജമീലയും പഞ്ചായത്ത് പ്രസിഡന്റ് പി.കെ. റംലയും വിദ്യാർഥികളും അഹമ്മദിന്റെ അടുത്തുകൂടി. രാവിലെ മുതൽ തന്റെ ഒപ്പമുള്ള ഇംഗ്ലിഷ് ദിനപത്രത്തിന്റെ ലേഖികയ്ക്ക് അഹമ്മദ് മണിമണിപോലുള്ള ഇംഗ്ലിഷിൽ കാര്യങ്ങൾ വിശദീകരിച്ചു കൊടുത്തു. ഇതിനിടയിൽ, കേന്ദ്രമന്ത്രിക്കു കൈകൊടുക്കാൻ വിദ്യാർഥികളുടെ തിക്കും തിരക്കും. മൊബൈലിൽ പടമെടുക്കാൻ മറ്റൊരു കൂട്ടർ.

തൊട്ടടുത്തു തന്നെയുള്ള കുനിയിൽ അൻവാറുൽ ഇസ്ലാം മദ്രസയിൽ പ്രദേശത്തെ മുതിർന്ന സ്ത്രീകളും കുട്ടികളുമുൾപ്പെടെ നൂറോളം ആളുകൾ നേതാവിനെ കാത്തിരിക്കുകയാണ്. മുദ്രാവാക്യങ്ങളുടെ അകമ്പടിയോടെ അണികൾക്കൊപ്പം നടന്ന്വേദിയിലേക്ക്.

നാലാം ക്ലാസ് തുല്യതാ പരീക്ഷയിൽ വിജയിച്ചു ഡൽഹിയിൽ പോയി രാഷ്ട്രപതിയുടെ മെഡൽ നേടിയ കൂവത്തിക്കൽ ഖദീശുമ്മ, അഹമ്മദ് എത്തിയപ്പോൾ അടുത്തേക്കു കൂടി. ‘ങ്ങടെ വോട്ടെല്ലാം കോണിക്കു കുത്തണേ, എന്ന് അഹമ്മദ് ഓർമിപ്പിച്ചു. ഖദീശുമ്മയുടെ മറുപടി–‘ല്ലാതെ എബ്ടെ പോകാനാ.

സഹപ്രവർത്തകനായിരുന്ന സീതിഹാജിയുടെ പുത്രനും കഴിവുറ്റ പൊതുപ്രവർത്തകനുമായ പി.കെ. ബഷീറാണ് ഏറനാട് മണ്ഡലത്തിലെ സ്ഥാനാർഥിയെന്നും അദ്ദേഹത്തെ വിജയിപ്പിക്കണമെന്നും പ്രസംഗമധ്യേ അഭ്യർഥന. പ്രസംഗിച്ചു പ്രസംഗിച്ച് അഹമ്മദ് ഫോമിലായി. മുഖ്യമന്ത്രിക്കെതിരെ –‘ലോകത്തെവിടെയെങ്കിലും ഇങ്ങനെയൊരു ഭരണാധികാരി ഉണ്ടാവുമോ? കയ്യാമം വയ്ക്കും,കയ്യാമം വയ്ക്കും എന്നു പറയാനല്ലാതെ എന്തെങ്കിലും ഭരണനേട്ടങ്ങൾ പറയാൻ അദ്ദേഹം വായ തുറന്നിട്ടുണ്ടോ?

സീതിഹാജിയുടെ രണ്ടാമത്തെ മകൻ പി.കെ. കരീമിന്റെ എടവണ്ണയിലെ വീട്ടിലായിരുന്നു ഉച്ചഭക്ഷണം. ഊണുമേശയിൽ വിഭവങ്ങൾ നിരന്നു. നാടൻ കോഴിയിറച്ചിയിലും ചപ്പാത്തിയിലും തുടക്കം. പിന്നീട് ചോറും കോഴിക്കറിയും. ‘എവിടെച്ചെന്നാലും ഇറച്ചിക്കോഴിയെ കിട്ടാനുള്ളൂ. ഇന്നു ഞാൻ കൂടുതൽ കഴിക്കും. നാടൻ കോഴിയിറച്ചി ഉഷാറാണ്, ഭക്ഷണമധ്യേ അഹമ്മദ് പ്രഖ്യാപിച്ചു. പയറുപ്പേരിയും കുമ്പളങ്ങാക്കറിയും പച്ചമാങ്ങാ ചമ്മന്തിയും അൽപാൽപം എടുത്ത് ഊണ് അവസാനിപ്പിച്ചു.

മൂന്നരയോടെ മമ്പാട് എത്തുമ്പോൾ അഹമ്മദിനെ കാത്ത് ആളുകൾ ഏറെയുണ്ടവിടെ. നിലമ്പൂർ– തിരുവനന്തപുരം എക്സ്പ്രസിൽ പിടിച്ചാണ് ഇവിടെ പ്രസംഗത്തിന്റെ പോക്ക്. കേന്ദ്രസഹായം പ്രവഹിക്കുമ്പോൾ സംസ്ഥാന സർക്കാർ പുറന്തിരിഞ്ഞു നിൽക്കുകയല്ലേ?

നിലമ്പൂർ ചന്തക്കുന്നിലെ യോഗവേദിയിൽ പി.പി. തങ്കച്ചനും ആര്യാടൻ മുഹമ്മദുമായി മുഖാമുഖം. പ്രസംഗം അവസാനിപ്പിച്ചശേഷം മേലാറ്റൂരിലേക്ക്. മഞ്ചേരിയിൽ എത്തുമ്പോഴേക്കും ഇരുട്ടുവീണു തുടങ്ങിയിരുന്നു.  പി.കെ. കുഞ്ഞാലിക്കുട്ടി മൽസരിക്കുന്ന വേങ്ങരയിലെ കൊളപ്പുറത്തെത്തുമ്പോഴും മുസ്ലിം ലീഗിന്റെ ‘ദേശീയമുഖത്തെ കാത്തു തദ്ദേശീയമുഖങ്ങൾ ഏറെയുണ്ടായിരുന്നു. കാത്തുനിന്നവരെ നിരാശപ്പെടുത്തിയില്ല: ‘കൊടി പിടിക്കാനും പാർട്ടി വളർത്താനും എതിരാളികളെ കശാപ്പു ചെയ്യാനുമല്ലാതെ ഇടതു സർക്കാരിനു മറ്റെന്തിനെങ്കിലും സമയമുണ്ടായിരുന്നോ? യുഡിഎഫ് വന്നാൽ സംസ്ഥാനം  വികസനരംഗത്തു കുതിച്ചുപായും. പ്രസംഗത്തിനുശേഷം ഒരു നിമിഷം വൈകാതെ കാറിൽ കയറി. ഇന്നു  കാസർകോടാണു യോഗങ്ങൾ. അഹമ്മദിനെ മുൻസീറ്റിലിരുത്തി കാർ വടക്കോട്ടു കുതിച്ചു.